എസ്.റ്റി.എ(1)16239/14/ആർ.സി.എസ്   സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 22.04.2015

**സർക്കുലർ നമ്പർ : 19/2015**

വിഷയം : സഹകരണ വകുപ്പ് - സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ 2014-15 വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന : സഹകരണ സംഘം രജിസ്ട്രാറുടെ 23/04/2014 ലെ 13/2014 സർക്കുലർ

**(1) നമ്പർ സ്റ്റേറ്റ്മെന്റും സഹകരണ സംഘങ്ങളുടെ പട്ടികയും**

2014-15 സാമ്പത്തിക വർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം, പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 15 പ്രകാരമുള്ള തരംതിരിവ് എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമകളിൽ (പ്രൊഫോർമ I & II) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കു പുറമേ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുക ആണെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സംഘങ്ങളുടെ പേരടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേരെ ഇപ്പോൾ പ്രവർത്തിക്കുന്നതാണോ? പ്രവർത്തന രഹിതമാണോ? ലിക്വിഡേഷനിൽ തുടരുന്നവയാണോ? തുടങ്ങിയ എല്ലാവിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും ചട്ടം 15 പ്രകാരമുള്ള ശരിയായ തരംതിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്) തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാതു കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കോളത്തിൽ രേഖപ്പെടുത്തലുകളൊന്നും ഇല്ലാതെ അയയ്ക്കുവാൻ പാടില്ലാത്തതും ഏതെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും, അധിക വിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാൻ ഉണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റ് പ്രൊഫോർമ II ൽ സമർപ്പിക്കേണ്ടതാണ്.

**(2) പുതിയതായി രജിസ്റ്റർ ചെയ്തതും ലിക്വിഡേറ്റ് ചെയ്തതും ആയിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ**

2014-2015 സാമ്പത്തിക വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ പേര്, മേൽവിലാസം, ഫോൺനമ്പർ, രജിസ്റ്റർ നമ്പർ,

രജിസ്റ്റർ ചെയ്ത തീയതി/ലികിഡേറ്റ് ചെയ്ത തീയ്യതി, തരംതിരിവ് എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം (പ്രൊഫോർമ III (A), പ്രൊഫോർമ III (B),) സമർപ്പിക്കേണ്ടതാണ്. അപ്രകാരം അടങ്ങിയ നമ്പർ സ്റ്റേറ്റ്മെന്റ് 30/04/2015 ന് മുൻപ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാസമയം കൃത്യതയോടെ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടാക്കുന്നതായിക്കാണുന്നു. ഈ വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത സമയപരിധിക്കകം തെറ്റുകൾ കൂടാതെ കൃത്യതയോടെ സമർപ്പിക്കേണ്ടതും, സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് അവ കൃത്യസമയത്തുതന്നെ ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. നമ്പർ സ്റ്റേറ്റ്മെന്റുകൾ കഴിയുന്നതും ഇമെയിലിൽ അയക്കുവാൻ താൽപര്യപ്പെടുന്നു. ഇമെയിൽ വിലാസം താഴെ ചേർക്കുന്നു.

**ഇ-മെയിൽ – costat.rcs@gmail.com**

(ഒപ്പ്).

**എസ്.ലളിതാംബികാ ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

ഉള്ളടക്കം:- പ്രൊഫോർമ, I, II, III(A), III(B)

പകർപ്പ്

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ). മാർക്കും
2. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ
5. വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിന്
6. സ്റ്റോക്ക് ഫയൽ

കുറിപ്പ്:- നമ്പർ സ്റ്റേറ്റ്മെന്റിന്റെ സോഫ്റ്റ്വെയർ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും കഴിഞ്ഞവർഷം ഈ ആഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട് അതിന്റെ തുടർച്ചയായി ഈ വർഷത്തെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതാണ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്)

Nv23/04/2015